പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം


നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2336 — 18.06.2014-ൽ മറുപടിക്ക്

# അട്ടപ്പാടിയിലെ പോഷക പുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാജേഷ് : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അട്ടപ്പാടിയിലെ പോഷക പുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കമോ ; | (എ) അട്ടപ്പാടി മേഖലയിൽ മൂന്ന് പോഷക പുനരധിവാസ കേന്ദ്രങ്ങൾ (ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ) പ്രവർത്തിച്ച വരുന്നുണ്ട്. അഗളി, പുതൂർ, ഷോളയൂർ എന്നിവിടങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളോട് അനുബന്ധമായാണ് ഇവ പ്രവർത്തിക്കുന്നത്. അഗളിയിൽ 12 -ഉം, പുതൂരിൽ 5 -ഉം, ഷോളയൂരിൽ 8 -ഉം കിടക്കകൾ ഉണ്ട്. ഇതുവരെ 165 കുട്ടികളെ മൂന്നിടത്തും കൂടി ചികിത്സിച്ചു. അഡ്മിറ്റാകുന്ന കുട്ടികളെ രണ്ടാഴ്ചത്തേയ്ക്കാണ് താമസിപ്പിക്കുന്നത്. ഈ സമയത്തുള്ള ഭക്ഷണം, താമസം ഇവയെല്ലാം എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്ന് നൽകി വരുന്നു. |
| (ബി) ഇവിടെ കിടത്തി ചികിത്സാ സൗകര്യങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഉണ്ട്. |
| (സി) ഇവിടെ പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) അഗളി, പുതൂർ, ഷോളയൂർ എന്നീ 3 സ്ഥലങ്ങളിലും ട്രെയിനിംഗ് കഴിഞ്ഞ ഡോക്ടർമാരും, സ്റ്റാഫ് നഴ്സും , അറ്റൻഡർമാരും ഉണ്ട്. |
| (ഡി) ചികിത്സയ്ക്ക് പ്രവേശിപ്പിക്കപ്പെടുന്ന കുട്ടിക്കും രക്ഷിതാവിനും ഭക്ഷണം നല്കണം എന്ന നിർദ്ദേശം നടപ്പിലായിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ ; ഇക്കാര്യങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുമോ ? | (ഡി) ഭക്ഷണം നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷണം നൽകി വരുന്നുണ്ട്. രോഗിക്ക് 150 രൂപയും, കൂട്ടിരിപ്പുകാരന് 200 രൂപയും നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, അഗളി സി.എച്ച്.സി. എന്നിവയ്ക്ക് 5 ലക്ഷവും, പുതൂർ പി.എച്ച്.സി. -യിൽ ഒരു ലക്ഷവും, ഷോളയൂർ പി.എച്ച്.സി. -യിൽ 50,000/- രൂപയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ